പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1002 | 14-10-2026-ൽ മറുപടിയ്ക്ക്

**സമഗ്രമത്സ്യത്തൊഴിലാളി വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രവീൺ കുമാർ | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് ഭവനം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, മത്സ്യബന്ധന അടിസ്ഥാനസൗകര്യം എന്നിവ ഉൾപ്പെടുത്തിയുള്ള ഒരു സമഗ്രമത്സ്യത്തൊഴിലാളി വികസന പദ്ധതി പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

**മറുപടി:** കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യമിട്ട് സമഗ്ര മത്സ്യത്തൊഴിലാളി വികസന പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 18.09.2026-ന് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ബഹു. കൊയിലാണ്ടി നിയോജകമണ്ഡലം എം.എൽ.എ.യുടെ അധ്യക്ഷതയിൽ ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിങ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യമേഖലയുടെ വികസനത്തിനായി ബന്ധപ്പെട്ട വകുപ്പുകൾ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് വഴി നിലവിൽ വീട് അറ്റകുറ്റപ്പണി, സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധന സഹായം, മത്സ്യ മേഖലയിലെ ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ പരിപാടികൾ, എൻട്രൻസ് കോച്ചിംഗ് പ്രോഗ്രാമുകൾ, GRFTHS ന്റെ പ്രവർത്തനങ്ങൾ നവീകരണം എന്നിവയും നടന്ന വരുന്നു.

കൂടാതെ, മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, മത്സ്യവിപണനം, മത്സ്യബന്ധന അടിസ്ഥാനസൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1. സംയോജിത മത്സ്യവികസന പദ്ധതി (IFDP)**

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും മത്സ്യസംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനും ധനസഹായം നൽകിവരുന്നു. കൊയിലാണ്ടി മണ്ഡലത്തിൽ 21 സംഘങ്ങളിലെ 76 മത്സ്യബന്ധന ഗ്രൂപ്പുകളിലായി 509 അംഗങ്ങൾക്ക് ആകെ 2,379.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**2. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ പദ്ധതികൾ**

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ധനസഹായത്തോടെ താഴെപ്പറയുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ) മൈക്രോഫിനാൻസ് വായ്പ:

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ച സ്വയംസഹായ ഗ്രൂപ്പുകൾക്ക് NBCFDC പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 1,25,000 രൂപ മൂന്ന് വർഷത്തെ തിരിച്ചടവ് കാലാവധിയിലും NMDFC പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 60,000 രൂപ രണ്ട് വർഷത്തെ തിരിച്ചടവ് കാലാവധിയിലും വായ്പ നൽകുന്നു. കൊയിലാണ്ടി മണ്ഡലത്തിലെ 19 സഹകരണ സംഘങ്ങളുടെ കീഴിലുള്ള 678 സ്വയംസഹായ ഗ്രൂപ്പുകളിലെ 6,837 അംഗങ്ങൾക്ക് ആകെ 2,734.89 ലക്ഷം രൂപ മൈക്രോഫിനാൻസ് വായ്പയായി അനുവദിച്ചിട്ടുണ്ട്.

(ബി) ടേം വായ്പ:

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പയുടെ തിരിച്ചടവ് കാലാവധി മൂന്ന് വർഷവും സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പയുടെ കാലാവധി അഞ്ച് വർഷവുമാണ്. ഈ പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ 129 ഗുണഭോക്താക്കൾക്ക് ആകെ 81.67 ലക്ഷം രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

**3. മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി**

മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ഉപജീവനമാർഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന പലിശരഹിത വായ്പ നൽകിവരുന്നു. ആദ്യഘട്ടത്തിൽ 10,000 രൂപ വായ്പയായി നൽകുകയും അത് ഒരു വർഷത്തിനുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് തുടർവായ്പയായി 20,000 രൂപ അനുവദിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ എട്ട് സഹകരണ സംഘങ്ങളിലെ 472 അംഗങ്ങൾക്ക് ആകെ 2,360 ലക്ഷം രൂപ പലിശരഹിത വായ്പയായി അനുവദിച്ചിട്ടുണ്ട്.

**4. നൈപുണ്യ പരിശീലന പദ്ധതികൾ**

മത്സ്യബന്ധന ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് സ്രാങ്ക് ട്രെയിനിംഗ് എന്ന നൈപുണ്യ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, മത്സ്യത്തൊഴിലാളി യുവാക്കൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് മത്സ്യബന്ധന മേഖലയ്ക്ക് പുറമെ ടൂറിസം, ലോജിസ്റ്റിക്സ്, കോൾഡ് ചെയിൻ, മറൈൻ തുടങ്ങിയ അനുബന്ധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ എന്തെങ്കിലും നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ;

**മറുപടി:** കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിനും അനുബന്ധ തൊഴിൽ മേഖലകളിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 18.09.2026-ന് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ബഹു. കൊയിലാണ്ടി നിയോജകമണ്ഡലം എം.എൽ.എ. ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, കൊയിലാണ്ടി മണ്ഡലത്തിൽ മറൈൻ

പോളിടെക്നിക് കോളേജ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.

**(സി)** മത്സ്യത്തൊഴിലാളികളിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനു നിലവിലുണ്ടായിരുന്ന പദ്ധതി പുനരാരംഭിക്കാൻ സാധ്യതയുണ്ടോ; വിശദീകരിക്കാമോ?

**മറുപടി:** ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടെ വിവിധ ഭവനപദ്ധതികൾ ഏകീകൃത പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും മത്സ്യത്തൊഴിലാളി വിഭാഗത്തെയും പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണിക്കുകയും ചെയ്ത സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് അർഹമായ തോതിൽ പ്രാതിനിധ്യം ലഭിക്കാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളി വിഭാഗത്തിലെ ഭവനരഹിതർക്ക് അർഹമായ പരിഗണന ഉറപ്പാക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികൾ പുനരാരംഭിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**